# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3805 31/01/2014- ൽ മറുപടിക്ക്

## താമസരഹിത കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |

(എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന എല്ലാവർക്കും ഉടൻ തന്നെ വൈദ്യുതി നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികൾ ആണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

(എ)യും (ബി)യും (ഡി)യും

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം വൈദ്യുതി കണക്ഷന് ആവശ്യമായ തുക ഈടാക്കി മാത്രമേ വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുകയുള്ളൂ. കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള തുക അടയ്ക്കുന്ന അപേക്ഷകർക്ക് കാലതാമസമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ/ 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗങ്ങളിലുള്ള വ്യക്തികളെ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ വൈദ്യുതി ബോർഡ് ചെയ്തു വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ

നൽകുന്നുണ്ട്. പ്രസ്തുത ലൈനുകളിൽ നിന്നും എ.പി.എൽ വിഭാഗക്കാർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ എസ്റ്റിമേറ്റ് തുകയായ 1750 രൂപ അടയ്ക്കുന്ന മുറയ്ക്കും വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നു.

ക്യാൻസർ രോഗികൾ, വികലാംഗർ, മാനസിക വൈകല്യമുള്ളവർ, പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള അപേക്ഷകർ (ലൈൻ നീട്ടൽ ഉൾപ്പെടെ കണക്ടഡ് ലോഡ് പരിധിയില്ലാതെ), 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള അപേക്ഷകർ എന്നിവർക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

| | |
|---|---|
| (സി) ഈ സർക്കാരിന്റെ കാലത്ത് അപേക്ഷിക്കുന്നവർക്ക് വെദ്യുതികണക്ഷൻ നൽകുന്നതിന് കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 10,68,211 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. 20.01.2014- ലെ കണക്കനുസരിച്ച് വൈദ്യുതിക്കു വേണ്ടി അപേക്ഷിച്ചവരിൽ 8718 അപേക്ഷകർക്കു മാത്രമേ ഇനി വൈദ്യുതി കണക്ഷൻ നൽകുവാനുള്ളൂ. |

സെക്ഷൻ ഓഫീസർ